II. ശ്രദ്ധക്ഷണിക്കൽ

(1) കാർഷിക വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകർക്ക് അനുവദിച്ച ആശ്വാസ നടപടികളുടെ അപര്യാപ്തത

ശ്രീ. പി. സി. ജോർജ്: സർ, കാർഷിക മേഖലയുടെ തകർച്ച ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അത് ഈ ഗവൺമെന്റിന്റെ തെറ്റാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. നാണ്യവിളകളുടെ നാടാണ് കേരളം. 1997 മുതൽ നാണ്യവിളകളുടെ വിലയിടിവ് ആരംഭിച്ചു. നമുക്കറിയാം, കേരളത്തിലെ പാവപ്പെട്ട കർഷകരെ സംബന്ധിച്ചിടത്തോളം ആത്മഹത്യ ഇന്ന് ഒരു രക്ഷാമാർഗ്ഗമായി മാറിയിരിക്കുന്നു. 1997 മുതൽ ആരംഭിച്ച നാണ്യവിളകളുടെ വിലയിടിവാണ് ഈ സംസ്ഥാനത്ത് കൂട്ടആത്മഹത്യ നടക്കുന്നതിന് സാഹചര്യം ഒരുക്കിയിരിക്കുന്നത് എന്ന വസ്തുത നിഷേധിക്കാൻ കഴിയില്ല. കേരളത്തിലെ 70 ശതമാനത്തോളം വരുന്ന കർഷകരുടെ നീറുന്ന പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നത്. നമുക്കറിയാം, നാണ്യവിളകളുടെ വിലയിടിവ് കാരണം ബാങ്കിൽ നിന്ന് എടുത്ത പണം തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ ഗതികേട് കൊണ്ട് കർഷകർ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഒരു കിലോ അടയ്ക്കയ്ക്ക് 132 രൂപ വിലയുണ്ടായിരുന്നത് ഇന്ന് 32 രൂപയായി കുറഞ്ഞു. സി.പി.സി.ആർ.ഐ.-യുടെ കണക്കനുസരിച്ച് ഇതിന്റെ ഉൽപ്പാദനച്ചെലവ് 65 രൂപയാണ്. നാളിതുവരെയായി ആ വില പോലും കൃഷിക്കാരന് കിട്ടിയിട്ടില്ല. റബ്ബറിന്റെ കാര്യത്തിൽ, റബ്ബർതൈ നട്ടുകഴിഞ്ഞാൽ അതിൽനിന്ന് ഒരു രൂപയുടെ ആദായം കിട്ടണമെങ്കിൽ 7 വർഷം കഴിയണം. ആ 7 വർഷവും കൃഷിക്കാരൻ പണം ചെലവഴിച്ചുകൊണ്ടിരിക്കണം. അതുപോലെതന്നെ ഒരു കിലോ കുരുമുളകിന് 250 രൂപ ഉണ്ടായിരുന്നത് ഇന്ന് 60 രൂപയാണ്. ഒരു കിലോ കാപ്പിക്കുരുവിന് 120 രൂപയുണ്ടായിരുന്നത് ഇന്ന് 10 രൂപയ്ക്ക് പോലും ആർക്കും വേണ്ടാത്ത സാഹചര്യമാണ്. ഈ നിലയിൽ കൃഷിക്കാർ മുഴുവൻ ബുദ്ധിമുട്ടുമ്പോൾ സംസ്ഥാന സർക്കാർ പല ആശ്വാസ നടപടികളും സ്വീകരിച്ചു എന്നു പറയുന്നതിനെ ഞാൻ എതിർക്കുന്നില്ല. ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ പലിശ കുറയ്ക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പക്ഷെ പ്രശ്നം അവിടെയല്ല. 14 മുതൽ 18 ശതമാനം വരെ പലിശ വാങ്ങിയിരുന്ന നമ്മുടെ ബാങ്കുകൾ ദൈനംദിനമായി പലിശ കൂട്ടിക്കൊണ്ട് കൃഷിക്കാർക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത ഗതികേടുണ്ടാക്കി. അഞ്ചും, ആറും, ഏഴും വർഷം ബുദ്ധിമുട്ടിയിട്ടും കടമെടുത്ത പണം അതിന്റെ പലിശയും കൂട്ടുപലിശയും ആയി കൂടുന്നു. കൃഷിക്കാരന് എങ്ങനെ ഈ പണം തിരിച്ചടയ്ക്കാൻ കഴിയും? വ്യവസായ ലോൺ, ആയിരം കുടുംബങ്ങൾക്കായി 60,000 കോടി രൂപ എഴുതിത്തള്ളാനായി വാണിജ്യ ബാങ്കുകൾക്ക് തർക്കമുണ്ടായില്ല. അവർ നഷ്ടം കണ്ടെത്തിയില്ല. പാവപ്പെട്ട കൃഷിക്കാരന്റെ പത്തോ മുപ്പതിനായിരമോ രൂപയുണ്ടെങ്കിൽ അത് 5 വർഷം കൊണ്ട് ഒരു ലക്ഷം രൂപയാക്കി, ജപ്തി നീക്കണി മുഴക്കി അവരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന നയമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്ത് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ കഴിഞ്ഞ ജനുവരി മാസത്തിൽ തന്ന ഉത്തരത്തിൽ 801 കൃഷിക്കാർ ആത്മഹത്യ ചെയ്തതായി പറഞ്ഞു. 70 കുടുംബങ്ങൾ ആത്മഹത്യ ചെയ്തതായി പറഞ്ഞു. 30-6-2004-ൽ ശ്രീ. കുഞ്ഞിരാമൻ, 1996 മേയ് മാസത്തിന് ശേഷം ഇതുവരെ സംസ്ഥാനത്ത് കടബാദ്ധ്യതമൂലം കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ടോ എന്ന് ചോദിച്ചതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഉത്തരം പറഞ്ഞത്, ഗവൺമെന്റിന് ഇതുസംബന്ധിച്ച് അറിയില്ലായെന്നാണ്. സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി ചോദിച്ചപ്പോൾ, കുറേ കൃഷിക്കാർക്ക് സാമ്പത്തിക ബാദ്ധ്യതയുള്ളതായി ഗവൺമെന്റ് മനസ്സിലാക്കുന്നു എന്നാണ് മറുപടി തന്നത്. ഞാൻ ഇത് പറയാൻ കാരണം, ഗവൺമെന്റിന്റെ മറുപടി ഏത് വിധത്തിലുമാകട്ടെ, കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി സഹായം ചെയ്തുകൊണ്ട് പാവപ്പെട്ട കർഷകരെ ആത്മഹത്യയിൽ നിന്ന് രക്ഷിക്കാൻ കഴിയില്ല എന്ന വസ്തുത അംഗീകരിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ചേർന്നുകൊണ്ട് ഒരു കാര്യം കേരളത്തിലെ കൃഷിക്കാർക്ക് വേണ്ടി ചെയ്യാൻ കഴിയുമായിരുന്നു. ആന്ധ്ര സർക്കാർ അവിടെ കൃഷിക്കാർ ആത്മഹത്യ ചെയ്ത കണക്കുകളും ചരിത്രവും കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയപ്പോൾ ഇപ്പോഴത്തെ നമ്മുടെ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് ആന്ധ്ര സംസ്ഥാനം സന്ദർശിക്കുകയും കൃഷിക്കാർ ആത്മഹത്യ ചെയ്ത കുടുംബത്തിന് 2 ലക്ഷം രൂപ കൊടുക്കുകയും ആ കുടുംബത്തിലെ ഒരാൾക്ക് ജോലി കൊടുക്കുകയും അതോടൊപ്പം 60 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. ഞാൻ ചോദിക്കട്ടെ, എന്തുകൊണ്ട് കേരള സംസ്ഥാനത്ത്, പ്രത്യേകിച്ച് കേരളത്തിലെ 19 എം.പി.മാരുടെ പിൻതുണ മൻമോഹൻസിംഗ് ഗവൺമെന്റിന് കൊടുത്തിരിക്കുമ്പോൾ, ആ എം.പി.മാരുടെ പിൻതുണ വാങ്ങികൊണ്ട് ആന്ധ്രയിൽ കൃഷിക്കാർക്ക് കൊടുത്തതുപോലെയുള്ള ആനുകൂല്യം കേരളത്തിലെ പാവപ്പെട്ട കൃഷിക്കാർക്ക് വാങ്ങികൊടുക്കാൻ കഴിയുന്നില്ല? രാഷ്ട്രീയത്തിന് അതീതമായി, എന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടതാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയാണ്. ഇത് വളരെ വികാരപരമായ ഒരു കാര്യമാണ്. ഞാനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമൊക്കെ നാണ്യവിളകളുടെ നാട്ടിൽ നിന്ന് വരുന്നവരാണ്. ആത്മഹത്യ പെരുകിക്കൊണ്ടിരിക്കുന്നു. ഇല്ല എന്ന് 'കണ്ണടച്ച് ഇരുട്ടാക്കാൻ' നമുക്ക് കഴിയില്ല. കാർഷിക മേഖല തകർന്നിരിക്കുന്നു. കാറ്റടിച്ച് ഒരു റബ്ബർ മരം ഒടിഞ്ഞാൽ നഷ്ടം എത്രയാണെന്ന് കണക്കാക്കാൻ പറ്റുമോ? പിന്നീട്, റബ്ബർ വച്ച് ആറ് കൊല്ലമോ ഏഴ് കൊല്ലമോ കഴിഞ്ഞാലാണ് അതിൽ നിന്ന് ആദായം കിട്ടുന്നത്. തെങ്ങ് ഉണങ്ങിപ്പോയാൽ എന്തു ചെയ്യും? തെങ്ങ് വച്ച് നാലോ അഞ്ചോ കൊല്ലം കഴിയുമ്പോഴല്ലേ അതിൽ നിന്ന് തേങ്ങ കിട്ടുക? എല്ലാ നാണ്യവിളകളും ഈ നിലയിലാണെന്ന സത്യം മനസ്സിലാക്കികൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറയുമ്പോൾ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ആനുകൂല്യം പറ്റികൊണ്ടല്ലാതെ ഈ കൃഷിക്കാരെ രക്ഷിക്കാൻ കഴിയില്ലെന്നുള്ള വസ്തുത കണക്കിലെടുത്തു കൊണ്ട്, ശക്തമായ നടപടി സ്വീകരിക്കണം. കടക്കെണിയിലായ കൃഷിക്കാരെ രക്ഷിക്കാൻ ബാങ്കുകളിലെ കൊള്ളപലിശ കുറച്ചതുകൊണ്ട് മാത്രം കഴിയില്ല. കൂട്ടുപലിശ കൂടി കണക്കാക്കുന്നുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കാർഷിക മേഖലയുടെ പുനർ നിർമ്മാണത്തിന് ദീർഘകാല നയത്തിന് ഗവൺമെന്റ് രൂപം കൊടുക്കണം. 5 വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. കാർഷിക കടമെന്ന വാക്ക് പിൻവലിച്ചുകൊണ്ട് കൃഷിക്കാരന്റെ കടം എന്നാക്കി മാറ്റണം. കർഷകരുടെ കടം ഒരു ലക്ഷം രൂപയെങ്കിലും എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): സർ, ബഹുമാനപ്പെട്ട പി. സി. ജോർജ്ജിന്റെ ശ്രദ്ധക്ഷണിക്കൽ 1990 മുതൽ കൃഷിക്കാർ എടുത്ത കടത്തെക്കുറിച്ചാണ്. 1990 മുതൽ കൃഷിക്കാർ എടുത്ത കടം എന്നു പറഞ്ഞാൽ ദീർഘകാല വായ്പകളാണെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 2000-ന് മുമ്പ് അടച്ചു തീർക്കേണ്ട കടങ്ങളാണ്. ആ കടങ്ങൾക്ക് അന്ന് ഒന്നും ചെയ്യാതിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലം ഞാൻ ഓർക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭിമാനത്തോടു കൂടി ഞങ്ങൾ നിൽക്കുകയാണ്. കൃഷിക്കാർക്ക് കഴിയുന്ന എല്ലാ സഹായങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്യുകയുണ്ടായി എന്ന് അഭിമാനമുണ്ട്. അങ്ങ് റവന്യൂ വകുപ്പുമന്ത്രി മറുപടി പറയുന്നതിൽ അരോചകം കാണിച്ചത് എനിക്ക് മനസ്സിലായി. ഷെഡ്യൂൾഡ് ബാങ്കുകളുടേയും അതുപോലെതന്നെ കൊമേഴ്സ്യൽ ബാങ്കുകളുടേയും നയങ്ങളെ നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് അധികാരമില്ല. റിസർവ് ബാങ്കാണ് അവരുടെ കാര്യങ്ങളെ നിയന്ത്രിക്കുന്നത്. ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയുന്നത് സഹകരണബാങ്കുകളെയാണ്. സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്ന് എടുത്തിരിക്കുന്ന കടങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റിന് അവകാശമുണ്ട്. അതു പ്രകാരം ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, എങ്കിൽപ്പോലും ഒരു കാര്യം ബഹുമാനപ്പെട്ട പി. സി. ജോർജ്ജിനെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് കർഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടാണ് 2001-ൽ ഒരു കടാശ്വാസ നിയമം കൊണ്ടുവന്നത്. 29-12-2001-ന് മുമ്പ് എടുത്തിട്ടുള്ള എല്ലാ കടങ്ങൾക്കും, ഗവൺമെന്റിൽ നിന്ന് എടുത്തതാണെങ്കിൽ ഒരു വർഷത്തെ സാവകാശം, (മോറട്ടോറിയം) കൊടുക്കുകയും, സഹകരണ ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ളതാണെങ്കിൽ ആറ് മാസത്തെ മോറട്ടോറിയം കൊടുക്കുകയും ആ കാലയളവിൽ പലിശ ഇളവു ചെയ്തു കൊടുക്കുകയും ചെയ്തു. അടുത്ത കാലത്ത്—ബഹുമാനപ്പെട്ട ജോർജ്ജിന്റെ ശ്രദ്ധയിൽ അത് വന്നുകാണുമോ എന്ന് എനിക്കറിഞ്ഞുകൂടാ—29-12-2001-ന് ശേഷമുള്ള കടങ്ങൾക്കുകൂടി ഈ ആനുകൂല്യം നീട്ടികൊടുക്കുകയും ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം ഇപ്പോൾ കൂടുതലായിട്ട് കൊടുത്തിരിക്കുകയാണ്. അതായത് തിരിച്ചടയ്ക്കാൻ 30 മാസത്തെ സൗജന്യം ഈ ഗവൺമെന്റ് ചെയ്തു കൊടുത്തുകഴിഞ്ഞു. 25 കോടി രൂപ ബഡ്ജറ്റിൽ അതിനു വേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഈ ഗവൺമെന്റ്. അപ്പോൾ ആ നിലയ്ക്ക് വരുമ്പോൾ വാസ്തവം പറഞ്ഞാൽ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 29-12-2001-ന് മുമ്പും അതിനുശേഷവും എടുത്ത എല്ലാ കാർഷിക കടങ്ങളും സംബന്ധിച്ച് ആനുകൂല്യം നൽകിയ ഒരു ഗവൺമെന്റാണ് ഇത്. എങ്കിലും കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ മുഴുവൻ പരിഹരിക്കപ്പെട്ടു എന്ന് എനിക്ക് അഭിപ്രായമില്ല. കൃഷിക്കാർക്ക് ഇനിയും ബുദ്ധിമുട്ടുകളുണ്ട്. ഷെഡ്യൂൾഡ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ഈ ഗവൺമെന്റ് ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ഷെഡ്യൂൾഡ് ബാങ്കുകളുടെ യോഗം വിളിച്ച് ഗവൺമെന്റിന്റെ കടാശ്വാസ നിയമത്തിന്റെ ചുവട് പിടിച്ച് അവരും ചില സഹായങ്ങൾ ചെയ്യണമെന്നു പറയുകയുണ്ടായി. അതിന് നല്ല ഒരു പ്രതികരണം ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടായി. പല ബാങ്കുകളും കൃഷിക്കാർ എടുത്ത കാർഷിക വായ്പകൾ റീഷെഡ്യൂൾ ചെയ്തു കൊടുക്കുകയുണ്ടായി. അതു പോലെതന്നെ 15-11-2002-ൽ റിസർവ് ബാങ്ക് ഒരു സ്കീം കൊണ്ടുവരികയുണ്ടായി. 2002-2003-ൽ നഷ്ടം സംഭവിച്ച എല്ലാ കൃഷിക്കാർക്കും ഒരു വർഷത്തേയ്ക്ക് വായ്പയ്ക്ക് മോറട്ടോറിയം നൽകി അത് തിരിച്ചടയ്ക്കുന്നതിന് 4 വർഷം മുതൽ 5 വർഷംവരെ സമയം അനുവദിക്കുകയുണ്ടായി. ഇതിനുപുറമേ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വയനാട്, ഇടുക്കി ജില്ലകളിലെ കാപ്പി കർഷകർക്ക് നോൺ പെർഫോമിംഗ് അക്കൗണ്ടിൽ പെടുന്ന വായ്പ റീഷെഡ്യൂൾ ചെയ്തു കൊടുക്കുകയുണ്ടായി. അതിനുപുറമേ പുതിയ വായ്പ അനുവദിക്കുകയും ചെയ്തു. ഡ്രൗട്ട് വന്ന സാഹചര്യങ്ങളിൽ ഡ്രൗട്ട്ബാധിത പ്രദേശങ്ങളിൽ കാർഷിക വായ്പ എടുത്തിട്ടുള്ള ആളുകൾക്ക് ആ വായ്പ ടേം ലോണാക്കി മാറ്റി പുതിയ ലോൺ അനുവദിച്ചു. ഈ ഗവൺമെന്റ് വീണ്ടും, രണ്ട് ഹെക്ടറിന് താഴെയുള്ള കൃഷിക്കാർക്ക് മുഴുവൻ ബേസിക് ടാക്സ് ഇളവ് ചെയ്തു കൊടുക്കുകയുണ്ടായി. കൂടാതെ 2003-2004, 2004-2005 കാലയളവിൽ തോട്ടം നികുതിയിൽനിന്ന് കൃഷിക്കാരെ ഒഴിവാക്കിക്കൊടുത്തു. അതിനു പുറമേ എല്ലാ റവന്യൂ റിക്കവറി നടപടികളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ കൈയിൽ കിടക്കുന്ന മുഴുവൻ അപേക്ഷകൾക്കും ഞാൻ സന്തോഷത്തോടുകൂടി പറയട്ടെ, ഞാൻ ഇതുവരെ 'നോ' എന്നൊരു ഉത്തരവ് ഇട്ടിട്ടില്ല. റിജക്ട് ചെയ്തിട്ടില്ല. എന്റെ കൈയിൽ കിടക്കുന്ന കൃഷിക്കാരുടെ അപേക്ഷകൾ മുഴുവനും സാവകാശം ബാങ്ക് വായ്പകൾക്ക് 30 തവണ, 40 തവണ ഇങ്ങനെ ഉദാരമായി കൊടുത്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് ശ്രീ. ജോർജിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനു പുറമെ ഈ ഗവൺമെന്റ് ഡ്രൗട്ടിന്റെ പശ്ചാത്തലത്തിൽ സകല ജപ്തി നടപടികളും നിർത്തിവയ്ക്കുകയുണ്ടായിട്ടുണ്ട്. ഇത്രയും നടപടികൾ എടുത്തുവെന്ന് ശ്രീ. ജോർജിന് ഒരുപക്ഷേ മനസ്സിലായിക്കാണില്ല. ഇത്രമാത്രം നടപടികൾ കൃഷിക്കാർക്കുവേണ്ടി എടുത്ത ഒരു ഗവൺമെന്റിനുവേണ്ടി സംസാരിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ചിദംബരം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ കാർഷിക കടങ്ങൾക്ക് കൃഷിക്കാർക്ക് കൂടുതൽ കാലദൈർഘ്യം കൊടുക്കാൻവേണ്ടി അത് മൂന്ന് വർഷം കൊണ്ട് ഇരട്ടിയാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതിനു പുറമേ നിലവിലുള്ള വായ്പ അടച്ചുതീർക്കുന്നതിനു പുതിയ വായ്പകൾ നൽകുന്നതാണെന്ന് ശ്രീ. ചിദംബരത്തിന്റെ ബഡ്ജറ്റിൽ ഒരു നിർദ്ദേശമുണ്ട്. അത് സഹായകരമായ കാര്യമാണ്.

ബഹുമാനപ്പെട്ട ജോർജ് ഇവിടെ കർഷകരുടെ ആത്മഹത്യകളെക്കുറിച്ചു പറഞ്ഞു സംസ്ഥാനത്ത് ആത്മഹത്യകൾ നടക്കുന്നുണ്ട്. സംസ്ഥാനത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും കൃഷിക്കാരാണ്. ആത്മഹത്യ ചെയ്യുന്നതിൽ നല്ലൊരു ഭാഗം കൃഷിക്കാരും വരും. ഈ ആത്മഹത്യകളെല്ലാം ഈ ഗവൺമെന്റിന്റെ ഭരണദുഷ്യം കൊണ്ടാണ് എന്ന് പറഞ്ഞ് ശ്രീ. ജോർജ് ഉയർത്തിപിടിക്കുന്നത് പരിഹാസ്യമാണ്. അതു മാത്രമെ എനിക്ക് പറയാനുള്ളു. പക്ഷേ ഒരു കാര്യം; ഗവൺമെന്റ് കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നു. കൃഷിക്കാർ സഹതാപം അർഹിക്കുന്നവരാണ്. ആ കൃഷിക്കാർക്ക് ഇനിയും ആശ്വാസം ചെയ്തു കൊടുക്കണമെന്നുള്ള ഉറച്ച നിലപാടാണ് ഞങ്ങൾക്കുള്ളത്. ഗവൺമെന്റ് വീണ്ടും കൃഷിക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ കൊടുക്കാൻ പ്രതിജ്ഞാബദ്ധമായി നിലകൊള്ളുകയാണ്. കൃഷിക്കാരുടെ അവശതകൾക്ക് പരിഹാരം ഉണ്ടാക്കാൻ സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പാലാമെമ്പറും ഇതിനപ്പുറത്ത് പറയുമെന്ന വിശ്വാസം എനിക്കില്ല. അതുകൊണ്ടാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞാൽ കൊള്ളാമെന്നു പറഞ്ഞത്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ, കേരള സംസ്ഥാനത്തെ കൃഷിക്കാർ മുഴുവൻ ഈ ഗവൺമെന്റിന്റെ ആനുകൂല്യ വിതരണം കൊണ്ട് സന്തോഷിച്ച് സുഭിക്ഷമായിട്ട് ഇരിക്കുകയാണെന്നു തോന്നും. മിനിഞ്ഞാന്നും വയനാട്ടിൽ രണ്ട് കൃഷിക്കാർ ആത്മഹത്യ ചെയ്തു. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please put the question..... Sri George..... please .....

ശ്രീ. പി. സി. ജോർജ് : സർ, എനിക്ക് ചോദ്യം ചോദിക്കാൻ അവസരം ഉണ്ടാക്കിതരണം.....(ബഹളം) .....ഇന്ത്യ രാജ്യത്ത് ആയിരം വ്യവസായ കുടുംബങ്ങൾക്കായി 60,000 കോടി രൂപ എഴുതിത്തള്ളിയ നയം നടപ്പിലാക്കിയിരിക്കുമ്പോൾ കിലോയ്ക്ക് 132 രൂപ വിലയുള്ള അടയ്ക്ക കൃഷി ചെയ്യുന്നതിനുവേണ്ടി 50,000 രൂപ കടം എടുത്ത കൃഷിക്കാരന് 5 വർഷം കഴിഞ്ഞ് ഒരു കിലോഗ്രാം അടയ്ക്കയ്ക്ക് 32 രൂപ വിലയായാൽ എങ്ങനെ തിരിച്ചടയ്ക്കാൻ കഴിയും. അവന് ആത്മഹത്യയേ മാർഗ്ഗമുള്ളു. ഈ സത്യം അങ്ങ് ഉൾക്കൊണ്ടുകൊണ്ട് പ്രത്യേകിച്ച് മീനച്ചിൽ താലൂക്കിൽ നിന്നു വന്ന അങ്ങ്, കൃഷിക്കാരന്റെ ഈ വേദന മനസ്സിലാക്കിക്കൊണ്ട്--കൃഷിക്കാരന്റെ മുതുകത്ത് കയറിയിട്ട് ഫലമില്ല; അതിന്റെ ഫലം നിങ്ങൾ അനുഭവിക്കാൻ പോവുകയാണ്---- സത്യസന്ധമായി രാഷ്ട്രീയത്തിനതീതമായി ഈ കൃഷിക്കാരെ രക്ഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ കടങ്ങൾക്ക് 5 വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്നാണ് എന്റെ ചോദ്യം. 5 വർഷം കൊണ്ട് ഇരട്ടിയാവുകയാണ് ഈ കടം. അതിന് കൂട്ടുപലിശ വേണ്ടെന്നുവച്ചാൽ ഗുണം വല്ലതുമുണ്ടോ ? അതു കൊണ്ട് ചെയ്യേണ്ടത് എടുത്ത കടം എത്രയാണെന്ന് മനസ്സിലാക്കിക്കൊണ്ട് ആ തുക മാത്രം എടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട ജോർജ് ഏഴ് മിനിറ്റിൽ ചോദിച്ച ചോദ്യങ്ങളിൽ ഏതിന് മറുപടി പറയണം. ഒരു ചോദ്യം ചോദിക്കാനാണ് അവകാശം. എങ്കിലും ഒരൊറ്റ കാര്യമാണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കാൾ കൂടുതൽ ഉദാരമായി യു.ഡി.എഫ്. ഗവൺമെന്റ് കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുത്തു എന്നു മാത്രമേ പറയുന്നുള്ളൂ. കൃഷിക്കാർക്ക് ബുദ്ധിമുട്ടുകളുണ്ട്. കൃഷിക്കാർ കൂടുതൽ ആശ്വാസം അർഹിക്കുന്നുണ്ട്. ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക കഴിവിനുള്ളിൽ നിന്ന് കൊണ്ട് ചെയ്യാവുന്നതിന്റെ മാക്സിമം കൃഷിക്കാർക്ക് വേണ്ടി ചെയ്യാമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(2) കെൽട്രോൺ കൗണ്ടേഴ്സ് പുനരുദ്ധരിക്കുന്നതിനും പൊതു മേഖലയിൽ നിലനിർത്തുന്നതിനും നടപടി

ശ്രീ. എം. എ. വാഹീദ് : സർ, തിരുവനന്തപുരം ജില്ലയിൽത്തന്നെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളുള്ളത് എന്റെ നിയോജക മണ്ഡലത്തിലാണ്. ആസ്പിരിൻ പ്ലാന്റ് അടഞ്ഞ് കിടക്കുകയാണ്. അതിന് ജീവനിടാൻ തന്നെ വലിയ പാടാണ്. പിന്നെയൊന്ന് കെൽട്രോൺ കൗണ്ടേഴ്സ് ആണ്. കേന്ദ്ര സർക്കാരിന്റെ പ്രതിരോധ വകുപ്പിനു വേണ്ടി ആയുധ സാധനങ്ങൾ ഉണ്ടാക്കുന്ന, സ്പെയർ പാർട്സ് നിർമ്മിക്കുന്ന സ്ഥലം കൂടിയാണ് കെൽട്രോൺ കൗണ്ടേഴ്സ്. അതിപ്പോൾ അടച്ചു പൂട്ടൽ ഭീഷണിയിലാണ്. 1974-ൽ തുടങ്ങിയ സ്ഥാപനത്തിൽ മുന്നൂറ്റിപ്പത്ത് ജീവനക്കാർ ഉണ്ടായിരുന്നു. അതിൽ നൂറ്റിമുപ്പത്തിയെട്ടു പേരും വി.ആർ.എസ്. വാങ്ങി പോയി. അവർക്ക് ആറു മാസത്തെ ശമ്പളം ഇപ്പോൾ കുടിശ്ശികയുണ്ട്. വി.ആർ.എസ്സിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ശേഷിക്കുന്ന നൂറ്റി നാല്പത് ജീവനക്കാർക്ക് കഴിഞ്ഞ ആറു മാസമായി ശമ്പളം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥാപനം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം വന്നിരിക്കുന്നതുകൊണ്ട് ഇത് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാണുന്ന വ്യവസായ സ്ഥാപനം എന്നുള്ള നിലയിൽ ഇത് നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. എല്ലാ സ്ഥലത്തും തൊഴിലാളികൾ ആനുകൂല്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നവരാണ്. തൊഴിലാളികൾ യൂണിയൻ ഭേദമെന്യേ അവരുടെ ആനുകൂല്യം സറണ്ടർ ചെയ്തുകൊണ്ട് ഈ സ്ഥാപനം നിലനിർത്തുന്നതിന് ആവശ്യമായ ഒത്താശ ചെയ്തു കൊടുക്കാം എന്നു പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly